പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1329

13.12.2012ൽ
മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പുതുതായി മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ; | എ) നിലവിലുള്ള മാനദണ്ഡമനുസരിച്ച് 2 വർഷത്തെ വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറിനും അനുബന്ധ സാമഗ്രികൾക്കുമായി 40000 രൂപ അല്ലെങ്കിൽ സപ്ലൈകോ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം സജ്ജീകരിക്കേണ്ടതാണ്. |
| ബി) കൊണ്ടോട്ടി മണ്ഡലത്തിലെ പുതിയേടത്ത്പറമ്പ, ഐക്കരപ്പടി, മുതുവല്ലൂർ, കാരോട് എന്നീ മാവേലി സ്റ്റോറുകൾ എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ബി) പുതിയേടത്ത്പറമ്പിലും കാരോടും പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഐക്കരപ്പടിയിൽ പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. മുതുവല്ലൂർ പഞ്ചായത്തിൽ 19.10.2012 ന് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

Beenav

സെക്ഷൻ ഓഫീസർ